# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ.** **21.12.2012 ലെ മറുപടിക്ക്**

**T * 272**

## അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി സ്ത്രീകളുടെ സുരക്ഷയ്ക്കായി നടപടി കൈകൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി കേരളീയരുടെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് യഥാ സമയങ്ങളിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. സംസ്ഥാനങ്ങളിലെ ക്രമസമാധാന ചുമതല അതാത് സർക്കാരുകളിൽ നിക്ഷിപ്തമാണ്. |
| (ബി) കുന്നത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പുത്തൂർ സ്വദേശിയായ ശ്രീമതി. വിജയമ്മയെ ഉത്തർപ്രദേശിലെ റായിബറേലി എന്ന സ്ഥലത്തു നിന്നും തട്ടികൊണ്ടുപോയി കൊല ചെയ്ത സംഭവത്തിൽ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത്; | (ബി) | ഈ വിഷയം സംബന്ധിച്ച് നടപടികൾ ആവശ്യപ്പെട്ട് ആരും തന്നെ നോർക്കാ വകുപ്പിനെ സമീപിച്ചിട്ടില്ല. |

| | | |
|---|---|---|
| (സി) പ്രസ്തുത കുടുംബത്തിന് നാളിതുവരെ എന്ത് സഹായമാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | സഹായത്തിനായി കുടുംബാംഗങ്ങളിൽ നിന്ന് അപേക്ഷകളൊന്നും നോർക്കാ വകുപ്പിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ